# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1532.

12-06-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപിപ്പിക്കൽ

**ചോദ്യം**

ശ്രീ.കെ. രാജൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനത്തിനു മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.<br>നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5500/- രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000/- രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000/- രൂപയും കരനെൽ കൃഷിക്ക് 13600/- രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30000/- രൂപയും രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണു ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗര പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്. |

2017-18 സാമ്പത്തിക വർഷം ബ്ലോക്ക് തല സംയോജനത്തിനും, റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം നെൽ വിത്ത് വാങ്ങുന്നതിനു ഹെക്ടറിനു 1000/- രൂപയും, കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500/- രൂപയും, കസ്റ്റം ഹയറിങ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500/- രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4500/- രൂപയുടെ ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000/- രൂപ ധനസഹായം നൽകും. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000/- രൂപയും ലഭിക്കും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും ആനുകൂല്യം നൽകുന്നു. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600/- രൂപയും പവർ സ്പ്രേയറിന് 3000/- രൂപയും വിന്നോവറിന് 10000/- രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000/- രൂപ സബ്സിഡി നൽകുന്നു.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി

| | | | |
|---|---|---|---|
| | | | അവിടെയുള്ള ശ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളും നടപ്പിലാക്കുന്നു. |
| (ബി) | എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 1,96,870 ഹെക്ടർ നെൽകൃഷിയിൽ നിന്നും 2017-18 ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ജൂലൈ ആഗസ്റ്റ് മാസങ്ങളിലെ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും, ഒന്നാം വിള ഏതാണ്ട് പൂർണ്ണമായും നഷ്ടപ്പെട്ടതിനാൽ പ്രതീക്ഷിച്ചത്രയും ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി നടപ്പാക്കാൻ സാധിക്കാതിരുന്നിട്ടും, 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**